നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജൈവ സന്തുലിതാവസ്ഥ നിലനിർത്തുകയും നീർത്തട പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ കാർഷിക അനുബന്ധ മേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ ജനതയുടെ വരുമാന സ്രോതസ് വിപുലമാക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) കേരളത്തിൽ ഗ്രാമവികസന വകുപ്പാണ് പദ്ധതിയുടെ ഏകോപനം നിർവഹിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിൽ ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്, മണ്ണുപര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ്, ഭൂഗർഭ ജലവകുപ്പ്, ഭൂവിനിയോഗ ബോർഡ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളും സഹകരിക്കുന്നുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയും ജില്ലാതലത്തിൽ വാട്ടർ ഷെഡ് സെൽ കം ഡേറ്റാ സെന്ററും രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ട് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന-ജില്ലാ-ബ്ലോക്ക് തലങ്ങളിൽ പദ്ധതി നടത്തിപ്പിന് സാങ്കേതിക സഹായം നൽകുന്നതിനായി വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയവരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

നാദാപുരം മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം

159 (4197) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിലെ കൃഷിഭവനുകളിൽ 2013-14, 2014-15, 2015-16 വർഷങ്ങളിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും ലഭിച്ച അപേക്ഷകൾ എത്ര വീതമെന്ന് കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കാത്ത അപേക്ഷകൾ എത്ര എണ്ണമുണ്ട് ; അതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിൽ 2013-14, 2014-15, 2015-16 വർഷങ്ങളിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും ലഭിച്ച അപേക്ഷകളുടെ കൃഷിഭവൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

കൃഷിഭവൻ	2013-14	2014-15	2015-16	ആകെ
മരുതോങ്കര	90	91	28	209
കാവിലുംപാറ	225	115	41	381
കായക്കൊടി	93	85	38	216
തൂണേരി	112	57	14	183
ചെക്യാട്	32	8	4	44
വളയം	38	40	14	92
വാണിമേൽ	47	55	180	282
ഇടച്ചേരി	220	169	50	439
നരിപ്പറ്റ	86	42	81	209
നാദാപുരം	68	54	22	144
ആകെ	1011	716	472	2199

(ബി) പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. റവന്യൂ വകുപ്പിൽനിന്നും ഫണ്ട് ലഭ്യമാകാത്തതിനാൽ ധനസഹായം അനുവദിക്കാത്ത അപേക്ഷകളുടെ കണക്ക് താഴെ കൊടുക്കുന്നു :

കൃഷിഭവൻ	2013-14	2014-15	2015-16	ആകെ
(1)	(2)	(3)	(4)	(5)
മരുതോങ്കര	90	91	28	209
കാവിലുംപാറ	26	115	41	182